LIBRARY ARCHIVES Kerala Legislative Assembly

<u>ഉത്തരം</u>

(എ) സാമൂഹ്യ വനവത്കരണ വിഭാഗത്തിന്റെകീഴിൽ ഗ്രാമീണ മേഖലയിലെ റോഡരികിലും പൊതുമരാമത്ത് റോഡരികിലും റോഡുകൾക്ക് ദോഷകരമാകാത്ത രീതിയിൽ വഴിയോരത്തണൽ പദ്ധതി പ്രകാരം മരങ്ങൾ വച്ചുപിടിപ്പിച്ചുവരുന്നുണ്ട്. ഈ വർഷം മുതൽ ഗ്രീൻ ഇൻഡ്യ മിഷൻ പദ്ധതി മുഖേനയും റോഡ് വക്കിലും പൊതുസ്ഥലങ്ങളിലും തൈകൾ വച്ചുപിടിപ്പിക്കുന്നതിനുള്ള നടപടികൾ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് സ്വീകരിക്കാവുന്നതാണ്.

(ബി) ഓരോ ബ്ലോക്ക് തലത്തിലും പങ്കാളിത്ത ഹരിത സമിതികൾ രൂപീകരിച്ച് ഓരോ പഞ്ചായത്ത് അധികൃതരുമായും കൂടിയാലോചിച്ച് ഗ്രീൻ ഇൻഡ്യാ മിഷൻ പദ്ധതിയുടെ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചും എൻ.ആർ.ഇ.ജി.എസ്. മുഖേനയും വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി വൃക്ഷത്തൈ വിതരണം**

124(4992) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്ന പ്രവർത്തനം ഏത് വർഷം മുതലാണ് ആരംഭിച്ചത്; വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്കായി നാളിതുവരെ എത്ര രൂപ ചെലവായിട്ടുണ്ട്; വർഷം തിരിച്ചുള്ള കണക്കുകൾ വിശദമാക്കാമോ;

(സി) ഓരോ വർഷവും വിതരണം ചെയ്ത വൃക്ഷത്തൈകൾ സംബന്ധിച്ച വിശദവിവരം നൽകാമോ;

(ഡി) വിതരണംചെയ്ത വൃക്ഷത്തൈകൾ അതിജീവിക്കുന്നത് സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ) സാമൂഹ്യ വനവത്കരണ വിഭാഗം 2006-07 വർഷം മുതൽ ആണ് പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി വിപുലമായ രീതിയിൽ വൃക്ഷത്തൈ നടീൽ പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി തൈകൾ ഉത്പാദിപ്പിച്ച് സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്കും മതസംഘടനകൾ, രാഷ്ട്രീയ-യുവജന പ്രവസ്ഥാനങ്ങൾ, മാധ്യമങ്ങൾ, മറ്റിതര വകുപ്പുകൾ, സർക്കാരിതര സംഘടനകൾ എന്നിവർക്ക് വിതരണം നടത്തി അവർ മുഖേന നട്ടുപിടിപ്പിക്കുന്ന പദ്ധതിയാണ് നടപ്പിലാക്കിവരുന്നത്.

(ബി)

| വർഷം | തുക (ലക്ഷം) |
|---|---|
| 2007-2008 | 37.54 |
| 2008-2009 | 50.79 |
| 2009-2010 | 64.21 |
| 2010-2011 | 458.52 |
| 2011-2012 | 677.92 |
| 2012-2013 | 783.98 |
| 2013-2014 | 856.11 |
| 2014-2015 | 918.47 |
| 2015-2016 | 803.77 |
| 2016-2017 | 949.35 |
| 2017-2018 | 830.31 |
| ആകെ | 6430.97 |

(സി)

| വർഷം | തുക (ലക്ഷം) |
|---|---|
| 2007-2008 | 13.17 |
| 2008-2009 | 16.64 |
| 2009-2010 | 25.29 |
| 2010-2011 | 55.93 |
| 2011-2012 | 121.22 |
| 2012-2013 | 83.06 |
| 2013-2014 | 73.19 |
| 2014-2015 | 70.73 |
| 2015-2016 | 58.37 |
| 2016-2017 | 57.61 |
| 2017-2018 | 62.43 |
| ആകെ | 637.64 |

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വിതരണം നടത്തുന്ന തൈകളുടെ ഉത്പാദനവും വിതരണവുമാണ് സോഷ്യൽ ഫോറസ്റ്റി വിഭാഗം ചെയ്തുവരുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവവഴി വിതരണം നടത്തുന്ന തൈകളുടെ അതിജീവന ശതമാനം ബന്ധപ്പെട്ട വകുപ്പുകൾ പുറപ്പെടുവിക്കുന്ന സർക്കുലറുകൾ അടിസ്ഥാനമാക്കി സ്കൂൾതലത്തിലും പഞ്ചായത്ത് തലത്തിലും വനം വകുപ്പ് ഉദ്യോഗസ്ഥരെക്കൂടി ഉൾപ്പെടുത്തി രൂപീകരിക്കുന്ന കമ്മിറ്റികളാണ് പരിശോധിച്ചുവരുന്നത്. വിതരണം ചെയ്യുന്ന തൈകൾ നട്ടുപരിപാലിക്കേണ്ട ചുമതല വൃക്ഷത്തൈകൾ വനം വകുപ്പിൽനിന്നും സ്വീകരിക്കുന്ന വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും പ്രസ്ഥാനങ്ങൾക്കുമാണ്. സോഷ്യൽ ഫോറസ്റ്റി വിഭാഗത്തിന് നിലവിൽ ഇവയുടെ അതിജീവന ശതമാനം നേരിൽ പരിശോധിച്ച് ബോധ്യപ്പെടുന്നതിന് സംവിധാനങ്ങളില്ല. എന്നാൽ വഴിയോരത്തണൽ പദ്ധതി പ്രകാരം സോഷ്യൽ ഫോറസ്റ്റി വിഭാഗം നേരിട്ട് വച്ചുപിടിപ്പിക്കുന്ന വൃക്ഷത്തൈകളുടെ അതിജീവനം സംബന്ധിച്ച് പ്രാദേശിക അടിസ്ഥാനത്തിൽ നടത്തിയ പഠനങ്ങളിൽ ഗണ്യമായ അതിജീവന ശതമാനം കണ്ടുവരുന്നുണ്ട്. കൂടാതെ 2016-17, 2017-18 വർഷങ്ങളിൽ ഹരിതകേരളം പദ്ധതിയിലൂടെ വിവിധ വകുപ്പുകൾക്കും ഏജൻസികൾക്കും സ്ഥാപനങ്ങൾക്കും സംഘടനകൾക്കും വിദ്യാലയങ്ങൾക്കും വിതരണം ചെയ്ത വൃക്ഷത്തൈകളുടെ അതിജീവന ശതമാനം കണക്കാക്കുന്നതിന് തെരഞ്ഞെടുത്ത കോളേജുകളിലെ അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും ഉൾപ്പെടുത്തി കണക്കെടുത്തുവരുന്നു.

**സാമൂഹ്യ വനവൽക്കരണ പദ്ധതി**

125(4993) ശ്രീ. പി. കെ. ബഷീർ:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെയായി സാമൂഹ്യവനവൽക്കരണ പദ്ധതിയുടെ കീഴിൽ എന്തെല്ലാം പ്രവൃത്തികളാണ് നടത്തിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ പദ്ധതിയ്ക്കുവേണ്ടി എത്ര തുക ചെലവഴിച്ചു; വിവിധ വകുപ്പുകൾക്ക് നൽകിയ തുക എത്ര; ഓരോ വകുപ്പിനും നൽകിയ വൃക്ഷത്തൈകളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ;